# ബൈബിൾ പാരായണ
# മാസാചരണത്തിന് കേരളസഭ ഒരുങ്ങുന്നു

കൊച്ചി: വിശുദ്ധ ഗ്രന്ഥത്തോടു കൂടുതൽ അടുപ്പവും ആഭിമുഖ്യവും ഊട്ടിയുറപ്പിക്കുന്നതിനു കേരള കത്തോലിക്കാസഭയിൽ ബൈബിൾ പാരായണ മാസാചരണം. കെസിബിസിയുടെ ആഹ്വാനപ്രകാരം ഡിസംബർ മാസമാണു ബൈബിൾ പാരായണ മാസമായി സഭയിൽ ആചരിക്കുന്നത്.

വചനം മാംസമായി അവതരിച്ച തിരുപ്പിറവിയെ അനുസ്മരിക്കുന്ന ഡിസംബറിൽ അക്ഷരം ധരിച്ച വചനത്തെ ആഴത്തിൽ വായിച്ചൊരുങ്ങാൻ അവസരമൊരുക്കുകയാണു ബൈബിൾ പാരായണ മാസാചരണത്തിന്റെ പ്രധാന ലക്ഷ്യം. വ്യക്തികൾ ബൈബിൾ പാരായണത്തിനു ദിവസവും നിശ്ചിതസമയം മാറ്റിവയ്ക്കുന്നതിനു പുറമേ, കുടുംബങ്ങൾ, കുടുംബയൂണിറ്റുകൾ, ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ഡിസംബറിൽ പ്രത്യേക വചനപാരായണം നടക്കും. കെസിബിസി ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുമാണു ബൈബിൾ പാരായണ മാസാചരണത്തിനു നേതൃത്വം നൽകുന്നത്.

വിശ്വാസികളിലെന്ന പോലെ പൊതുസമൂഹത്തിലും ബൈബിൾ വായനയ്ക്കും പ്രചാരണത്തിനും കൂടുതൽ സ്വീകാര്യതയുണ്ടാക്കുകയും ബൈബിൾ പാരായണ മാസാചരണത്തിന്റെ ലക്ഷ്യമാണെന്നു കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ.ഡോ. ജോഷി മയ്യാറ്റിൽ പറഞ്ഞു. ഹൈന്ദവസമൂഹത്തിൽ നടക്കുന്ന രാമായണ മാസാചരണം ഹൃദ്യമായ അനുഭവമാകുന്നതുപോലെ ബൈബിൾ പാരായണ മാസാചരണവും കേരളീയസമൂഹത്തിൽ ആത്മീയമായ ഉണർവ് സാധ്യമാക്കുമെന്നാണു പ്രതീക്ഷയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബൈബിൾ പ്രേഷിതരംഗത്തു സജീവമായി പ്രവർത്തിക്കുന്ന കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനുള്ള പദ്ധതിയും ബൈബിൾ പാരായണ മാസാചരണത്തിൽ ക്രമീകരിച്ചിട്ടുണ്ട്. രൂപതാതലങ്ങളിൽ സൊസൈറ്റി അംഗങ്ങളെ ഒരുമിച്ചുകൂട്ടി ബൈബിൾ പ്രേഷിതത്വം ഊർജിതമാക്കാനാണു ശ്രമം. ബൈബിൾ സൊസൈറ്റി ആവിഷ്കരിച്ച ഓഡിയോ ബൈബിൾ, മൊബൈൽ ഫോണിലൂടെ ബൈബിൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം, ഡസ്ക്ടോപ്പ് ബൈബിൾ എന്നിവയും കൂടുതൽ ജനങ്ങളിലേക്കെത്തിക്കും. വിശ്വാസവർഷാചരണത്തിന്റെ തുടർപരിപാടിയെന്ന നിലയിൽക്കൂടിയാണു ഇപ്രാവശ്യത്തെ ബൈബിൾ പാരായണ മാസാചരണത്തെ കെസിബിസി കാണുന്നത്. കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ ഡിസംബർ ഒന്നിനു നടക്കുന്ന ലോഗോസ് ബൈബിൾ ക്വിസിന്റെ സംസ്ഥാനതല മത്സരത്തിന്റെ പുരസ്കാരദാനച്ചടങ്ങിൽ ബൈബിൾ പാരായണ മാസാചരണം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.